2024
MARCH
05
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## ചരിത്രത്തിലാദ്യമായി ഒളിമ്പിക്സിന് യോഗ്യത നേടി ഇന്ത്യൻ ടേബിൾ ടെന്നീസ് ടീമുകൾ

ന്യൂഡൽഹി: ചരിത്രത്തിലാദ്യമായി ഒളിമ്പിക്സിന് യോഗ്യത നേടി ഇന്ത്യൻ പുരുഷവനിത ടേബിൾ ടെന്നീസ് ടീമുകൾ. റാങ്കിംഗിൻറെ അടിസ്ഥാനത്തിലാണ് ടീമുകൾക്ക് പാരീസ് ഒളിമ്പിക്സിന് യോഗ്യത ലഭിച്ചത്.

നിലവിൽ പുരുഷ ടീം 15ാം സ്ഥാനത്തും വനിത ടീം 13ാം റാങ്കിലുമാണ്. സിംഗിൾസിൽ പുരുഷവനിത വിഭാഗത്തിലും ഒളിമ്പിക്സിന് യോഗ്യത നേടാനായി.

ലോക ചാമ്പ്യൻഷിപ്പിൽ ക്വാർട്ടറിൽ പുറത്തായതോടെ ഇന്ത്യൻ ടീമുകൾക്ക് ഒളിമ്പിക്സിന് യോഗ്യത നേടാനായിരുന്നില്ല. ടീമിനത്തിൽ റാങ്കിംഗിൻറെ അടിസ്ഥാനത്തിൽ യോഗ്യത നേടുന്നത് ആദ്യമാണ്.

2008 ൽ ബീജിംഗ് ഒളിമ്പിക്സിൽ ടേബിൾ ടെന്നീസ് ഉൾപ്പെടുത്തിയ ശേഷം ടീമിനത്തിൽ ഇന്ത്യ യോഗ്യത നേടുന്നത് ചരിത്രത്തിലാദ്യമാണ്.

## വോട്ടിന് കോഴ: എംപിമാരും എംഎൽഎമാരും വിചാരണ നേരിടണം

### സുപ്രധാന വിധിയുമായി സുപ്രീം കോടതി

**ന്യൂഡൽഹി:** വോട്ടിന് കോഴ വാങ്ങുന്ന എംപിമാർക്കും എംഎൽഎമാർക്കും വിചാരണ നേരിടുന്നതിൽ നിന്ന് പ്രത്യേക പരിരക്ഷ നൽകാനാവില്ലെന്ന് സുപ്രീം കോടതി. ഇതിനെ ക്രിമിനൽ കുറ്റമെന്ന് വിശദീകരിച്ച സുപ്രീം കോടതി 1998ലെ വിധി റദ്ദാക്കി. ചീഫ് ജസ്റ്റിസ് ഡി.വൈ.ചന്ദ്രചൂഡിന്റെ നേതൃത്വത്തിലുള്ള സുപ്രീം കോടതിയുടെ ഏഴംഗ ഭരണഘടനാ ബെഞ്ചിന്റേതാണ് സുപ്രധാന വിധി. കോഴക്കേസിൽ എംപിമാരെയും എംഎൽഎമാരെയും വിചാരണയിൽനിന്ന് ഒഴിവാക്കുന്നത് തെറ്റായ സന്ദേശം നൽകുമെന്നും സുപ്രീം കോടതി നിരീക്ഷിച്ചു.



വോട്ടിനോ പ്രസംഗത്തിനോ കോഴ വാങ്ങുന്ന ജനപ്രതിനിധികളെ വിചാരണയിൽനിന്ന് ഒഴിവാക്കിയ 1998ലെ പി.വി.നരസിംഹറാവു കേസിലെ അഞ്ചംഗ ബെഞ്ചിന്റെ വിധിയാണ് സുപ്രീം കോടതിയുടെ ഏഴംഗ ബെഞ്ച് ഇന്ന് റദ്ദാക്കിയത്.

കോഴ വാങ്ങുന്നത് എംപിമാർക്കും എംഎൽഎമാർക്കും പാർലമെന്റിൽനിന്ന് ലഭിക്കുന്ന മറ്റ് ആനുകൂല്യങ്ങളാൽ സംരക്ഷിക്കപ്പെടുന്നില്ല.

പ്രസംഗത്തിനും വോട്ടിനും കോഴ വാങ്ങുന്നത് ജനാധിപത്യത്തെ നശിപ്പിക്കുന്നതിന് തുല്യമാണെന്നും ഇത് അംഗീകരിക്കാനാകില്ലെന്നും ചീഫ് ജസ്റ്റിസ് അധ്യക്ഷനായ ബെഞ്ച് വ്യക്തമാക്കി. 1998ലെ വിധി ഭരണഘടനയുടെ 105, 194 അനുച്ഛേദത്തിന് വിരുദ്ധമാണെന്നും കോടതി ചൂണ്ടിക്കാട്ടി. പണം വാങ്ങി പാർലമെന്റിൽ വോട്ട് ചെയ്താൽ ഭരണഘടനയുടെ ഈ അനുച്ഛേദങ്ങൾ പ്രകാരം പരിരക്ഷ ഉണ്ടെന്നായിരുന്നു നരസിംഹറാവു കേസിലെ വിധി.

## ഹമാസ് ഭീകരർ നടത്തിയ ഷെല്ലാക്രമണത്തിൽ മലയാളി കൊല്ലപ്പെട്ടു

**ജറുസലം:** ഇസ്രയേലിൽ ഹമാസ് ഭീകരർ നടത്തിയ ഷെല്ലാക്രമണത്തിൽ മലയാളി കൊല്ലപ്പെട്ടു. കൊല്ലം സ്വദേശി നിബിൻ മാക്സ്‌വെല്ലാണ് കൊല്ലപ്പെട്ടത്. സംഭവത്തിൽ രണ്ടു മലയാളികടക്കം ഏഴു പേർക്ക് പരുക്കേറ്റിട്ടുണ്ടെന്നാണ് വിവരം. ഇവർ കാർഷിക മേഖലയിലെ ജീവനക്കാരായിരുന്നു. പരുക്കേറ്റവരിൽ രണ്ടുപേരുടെ നില ഗുരുതരമാണ്. ഗലീലി ഫിംഗറിൽ മൊഷാവെന്ന സ്ഥലത്തായിരുന്നു ആക്രമണം നടന്നത്.

## ആഗോള ബ്രാൻഡുകൾ ഇന്ത്യ വിടുന്നു

**കൊച്ചി:** ആഗോള ഭീമൻമാർക്ക് ഇന്ത്യൻ വിപണിയിൽ അടിപതറുന്നു. വിനോദ വ്യവസായ രംഗത്തെ ലോകത്തിലെ ഏറ്റവും വലിയ കമ്പനികളിലൊന്നായ വാൾട്ട് ഡിസ്നിയാണ് ഏറ്റവും അവസാനം ഇന്ത്യയിലെ ബിസിനസ് റിലയൻസ് ഇൻഡസ്ട്രീസ് വിറ്റൊഴിഞ്ഞ് പിന്മാറുന്നത്. നേരത്തെ ജനറൽ മോട്ടോഴ്സ്, ഫോർഡ്, സിറ്റി ബാങ്ക്, വൊഡഫോൺ തുടങ്ങിയവ ഇന്ത്യയിലെ ബിസിനസ് അവസാനിപ്പിച്ച് പിന്മാറിയിരുന്നു. ആഭ്യന്തര വിപണിയെ മനസിലാക്കുന്നതിലുണ്ടായ പാളിച്ചകളാണ് ആഗോള കമ്പനികളെ വലയ്ക്കുന്നത്.




ലോകത്തിലെ പ്രമുഖ വാഹന ഷെയറിങ് കമ്പനിയായ ഊബർ ഉൾപ്പെടെയുള്ളവയും ഇന്ത്യയിലെ ബിസിനസ് തുടരണമോയെന്ന സന്ദേഹത്തിലാണ്. വരും മാസങ്ങളിൽ കൂടുതൽ മുൻനിര ബ്രാൻഡുകൾ ഇന്ത്യയിൽ നിന്നും പിന്മാറാൻ ഇടയുണ്ടെന്ന് ചൂണ്ടിക്കാട്ടുന്നു. ലഭ്യമായ കണക്കുകളനുസരിച്ച് 2014 മുതൽ 2023 വരെയുള്ള കാലയളവിൽ മൂവായിരത്തിലധികം വിദേശ കമ്പനികളാണ് ഇന്ത്യയിലെ പ്രവർത്തനം അവസാനിപ്പിച്ചത്.

നിലവിൽ ആഗോള തലത്തിൽ ഏറ്റവും വലിയ വളർച്ച നേടുന്ന ഇന്ത്യൻ വിപണിയിലെ സാധ്യതകൾ മുതലെടുക്കാൻ ഓരോ വർഷവും നൂറ് കണക്കിന് വിദേശ ബ്രാൻഡുകളാണ് എത്തുന്നത്. കൊക്കോ കോള, പെപ്സി തുടങ്ങിയ കമ്പനികൾക്ക് പോലും ആദ്യഘട്ടത്തിൽ ഇന്ത്യയിൽ വിജയം നേടാൻ കഴിഞ്ഞിരുന്നില്ല. സ്വിറ്റ്സർലണ്ടിലെ മുൻനിര നിർമാണ കമ്പനിയായ ഹോൾസിം ഇന്ത്യയിലെ ഉപകമ്പനികളായ അംബുജ സിമൻറും എസിസിയും അദാനി ഗ്രൂപ്പിന് 644 കോടി ഡോളറിനാണ് വിറ്റുമാറിയത്.

ലോകത്തിലെ മുൻനിര വാഹന കമ്പനികളായ ഫോർഡും ജനറൽ മോട്ടോഴ്സും 1997ൽ ഇന്ത്യയിൽ പ്രവർത്തനം തുടങ്ങിയപ്പോൾ മഹീന്ദ്ര ആൻഡ് മഹീന്ദ്രയും ടാറ്റ മോട്ടോഴ്സും യാത്രാ വാഹനങ്ങളുടെ നിർമാണം പോലും തുടങ്ങിയിരുന്നില്ല. എന്നാൽ ഫോർഡും ജനറൽ മോട്ടോഴ്സും ഇന്ത്യയിൽ പ്രവർത്തനം നിർത്തിയപ്പോൾ ടാറ്റ മോട്ടോഴ്സും മഹീന്ദ്ര ആൻഡ് മഹീന്ദ്ര ഇന്ത്യയിൽ വൻ നേട്ടമുണ്ടാക്കുകയാണ്. ടെലികോം മേഖലയിൽ യുകെയിലെ വമ്പൻമാരായ വൊഡഫോൺ ഉൾപ്പെടെ അഞ്ചിലധികം വിദേശ കമ്പനികൾക്കാണ് ഇന്ത്യൻ വിപണിയിൽ കൈപൊള്ളിയത്. വിപുലമായ സാധ്യതകളുണ്ടായിട്ടും ആഭ്യന്തര വിപണിയെ വ്യക്തമായ മനസിലാക്കുന്നതിലുള്ള പാളിച്ചകളാണ് വിദേശ കമ്പനികൾക്ക് വിനയായത്. ഐസിഐസിഐ ബാങ്കും എച്ച്ഡിഎഫ്സി ബാങ്കും ലോക നിലവാരത്തിലുള്ള സേവനങ്ങളുമായി വൻമുന്നേറ്റം കാഴ്ചവെക്കുമ്പോൾ ആഗോള ഭീമനായ സിറ്റി ബാങ്കിന് ഇന്ത്യൻ വിപണിയിൽ പച്ചതൊടാൻ കഴിഞ്ഞില്ല. ക്രെഡിറ്റ് കാർഡ്, റീട്ടെയ്ൽ ബാങ്കിങ് സേവനങ്ങൾ ആക്സിസ് ബാങ്കിന് വിറ്റാണ് സിറ്റി ബാങ്ക് ഇന്ത്യ വിട്ടത്.






# രാജനഗരിയിലേക്ക് കൊച്ചി മെട്രോ; നാളെ പ്രധാനമന്ത്രി നാടിന് സമർപ്പിക്കും

**കൊച്ചി:** കൊച്ചി മെട്രോയുടെ ഒന്നാം ഘട്ടത്തിലെ അവസാന സ്റ്റേഷനായ തൃപ്പൂണിത്തുറ ടെർമിനൽ പ്രധാനമന്ത്രി നരേന്ദ്ര മോദി മാർച്ച് ആറിന് നാടിന് സമർപ്പിക്കും. രാവിലെ പത്ത് മണിക്ക് കൽക്കത്തയിൽ നിന്ന് ഓൺലൈനായി പ്രധാനമന്ത്രി മെട്രോ ഫ് ളാഗ് ഓഫ് ചെയ്യും. അതേസമയം തൃപ്പൂണിത്തുറ സ്റ്റേഷനിൽ നിന്ന് ഭിന്നശേഷിയുള്ള കുട്ടികളുമായി ആദ്യ ട്രെയിൻ ആലുവ സ്റ്റേഷനിലേക്ക് പുറപ്പെടും. ആദ്യ ട്രെയിൻ പുറപ്പെട്ടതിന് ശേഷം അന്നേദിവസം തന്നെ പൊതുജനങ്ങൾക്കായി തൃപ്പൂണിത്തുറയിൽ നിന്ന് ട്രെയിൻ സർവ്വീസ് ആരംഭിക്കും.

പുതുതായി നിർമ്മിച്ച തൃപ്പൂണിത്തുറ ടെർമിനൽ സ്റ്റേഷനിൽ രാവിലെ 9.45 മുതൽ കൊച്ചി മെട്രോ ഫേസ് വൺ ബി നാടിന് സമർപ്പിക്കുന്നതിന്റെ ചടങ്ങുകൾ ആരംഭിക്കും. ജനപ്രതിനിധികളും വിവിധ വിശിഷ്ഠ വ്യക്തികളും സ്റ്റേഷനിൽ നടക്കുന്ന ചടങ്ങിൽ പങ്കെടുക്കും. ആലുവ മുതൽ തൃപ്പൂണിത്തുറ ടെർമിനൽ വരെ 75 രൂപയാണ് അംഗീകൃത ടിക്കറ്റ് നിരക്ക്. എന്നാൽ ഉദ്ഘാടനത്തോടനുബന്ധിച്ച് നിലവിൽ ആലുവയിൽ നിന്ന് എസ്.എൻ ജംഗ്ഷനിലേക്കുള്ള യാത്രാ നിരക്കായ 60 രൂപ കൊച്ചി മെട്രോ ഒരു സ്റ്റേഷൻ കൂടി കടന്ന് തൃപ്പൂണിത്തുറയിലേക്ക് എത്തുമ്പോഴും മാറ്റമില്ലാതെ തുടരും.

അതായത് ഇനിയൊരു അറിയിപ്പുണ്ടാകുന്നത് വരെ 15 രൂപ ഇളവോടെ ആലുവയിൽ നിന്ന് തൃപ്പൂണിത്തുറ സ്റ്റേഷനിലേക്കുള്ള ടിക്കറ്റ് നിരക്ക് 60 രൂപയായിരിക്കും. രാജനഗരിയിലേക്ക് കൊച്ചി മെട്രോ എത്തുമ്പോൾ മെട്രോ സ്റ്റേഷനും രാജനഗരിയുടെ പ്രൗഢിയോടെയാണ് ഒരുങ്ങിയിരിക്കുന്നത്. മെട്രോ സ്റ്റേഷനും തൂണുകളും മ്യൂറൽ ചിത്രങ്ങളാൽ സമ്പന്നമാണ്. സ്റ്റേഷന് മുൻവശത്തെ തൂണുകളിൽ തൃപ്പൂണിത്തുറയുടെ ചരിത്രത്തിന്റെ ഭാഗമായ അത്തച്ചമയത്തിലെ വിവിധ കാഴ്ച്ചകളാണ് മ്യൂറൽ ചിത്രങ്ങളായി ഒരുക്കിയിരിക്കുന്നത്. കേരളത്തിലെ വിവിധ നൃത്തരൂപങ്ങളുടെ ശില്പങ്ങളുമായി ഒരുക്കിയിരിക്കുന്ന ഡാൻസ് മ്യൂസിയം ഈ സ്റ്റേഷന്റെ മറ്റൊരു പ്രത്യേകതയാണ്.

ഡാൻസ് മ്യൂസിയവും ഉടൻ തന്നെ പൊതുജനങ്ങൾക്കായി തുറന്ന് നൽകും. ഈ സ്റ്റേഷനിൽ യാത്രക്കാർക്കായി ഒരുക്കിയിരിക്കുന്ന ഇരിപ്പിടങ്ങളിലും ലൈറ്റുകളിലും മറ്റ് ഇൻറ്റീരിയർ ഡിസൈനിലുമെല്ലാം രാജനഗരിയുടെ പൈതൃകം കൊണ്ടുവരുന്നതിനായി ശ്രമിച്ചിട്ടുണ്ട്. 1

.35 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിലാണ് ആദ്യ ഘട്ടത്തിലെ അവസാന സ്റ്റേഷനായ തൃപ്പൂണിത്തുറ സ്റ്റേഷൻ ഒരുങ്ങുന്നത്. ഇതിൽ 40,000 ചതുരശ്ര അടി ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതികൾക്കായി നീക്കിവച്ചിരിക്കുകയാണ്. ഓപ്പൺ വെബ് ഗിർഡർ സാങ്കേിക വിദ്യ കൊച്ചി മെട്രോയിൽ ആദ്യമായി ഉപയോഗിച്ചത് എസ്.എൻ ജംഗ്ഷൻ തൃപ്പൂണിത്തുറ സ്റ്റേഷനുകൾക്കിടയിലെ 60 മീറ്റർ മേഖലയിലാണ്.

എസ് എൻ ജംഗ്ഷൻ സ്റ്റേഷൻ മുതൽ തൃപ്പൂണിത്തുറ ടെർമിനൽ സ്റ്റേഷൻ വരെ 1.16 കിലോമീറ്റർ ദൂരമാണ് ഫേസ് വൺ ബി. ആലുവ മുതൽ തൃപ്പൂണിത്തുറ സ്റ്റേഷൻ വരെ 25 സ്റ്റേഷനുകളുമായി 28.125 കിലോമീറ്റർ ദൈർഘ്യമാണ് കൊച്ചി മെട്രോയുടെ ഒന്നാം ഘട്ടത്തിൽ പിന്നിടുക. ഭൂമി ഏറ്റെടുക്കുന്നതിനും നിർമ്മാണത്തിനുമുൾപ്പെടെ 448.33 കോടി രൂപയാണ് ചെലവ് വന്നിരിക്കുന്നത്.

# കേരളത്തിൽ നിന്നുള്ള സ്റ്റാർട്ടപ്പിന് അന്താരാഷ്ട്ര പുരസ്ക്കാരം

**കൊച്ചി:** കെഎസ് യുഎമ്മിൻറെ സേവനപങ്കാളിയായ ഗ്രീൻആഡ്സ് ഗ്ലോബൽ സ്റ്റാർട്ടപ്പിന് അന്തർദേശീയ മേഫിസ് 2024 പുരസ്ക്കാരം ലഭിച്ചു. സ്പെയിനിലെ ബാർസലോണയിൽ നടന്ന ചടങ്ങിൽ എൻറർപ്രൈസ് കമ്മ്യൂണിക്കേഷൻ വിഭാഗത്തിലാണ് 19ാമത് മേഫിസ്(മൊബൈൽ ഇക്കോസിസ്റ്റം ഫോറം) പുരസ്ക്കാരം ഗ്രീൻ ആഡ്സ് ഗ്ലോബൽ നേടിയത്.മൊബൈൽ ആവാസവ്യവസ്ഥയിലെ ഓസ്കാർ പുരസ്ക്കാരമായാണ് മേഫിസിനെ ടെക് ലോകം കാണുന്നത്. ടാറ്റ ടെലികമ്മ്യൂണിക്കേഷൻസ്, വെബക്സ്, സിഞ്ച്, കാരിക്സ് തുടങ്ങിയവരായിരുന്നു ഈ വിഭാഗത്തിലെ മറ്റ് മത്സരാർഥികൾ.

കമ്മ്യൂണിക്കേഷൻ പ്ലാറ്റ്ഫോം ആസ് എ സർവീസ്വ്യവസായമായാണ് 2016 ൽ ഗ്രീൻആഡ്സ് സ്ഥാപിതമായത്. ആഗോള കമ്പനികളാണ് ഗ്രീൻആഡ്സിൻറെ ഉപഭോക്താക്കൾ. കമ്പനികൾക്കുള്ള വാട്സാപ്പ് സേവനങ്ങൾ, എസ്എംഎസ് ഗേറ്റ് വേ, ആർസിഎസ് മെസേജസ്, വോയിസ് സൊല്യൂഷൻസ്, എഐ ചാറ്റ്ബോട്ട് എന്നീ മേഖലകളിൽ പ്രത്യേക പ്രവീണ്യം നേടിയ സ്ഥാപനമാണിത്. പുതിയ ഉത്പന്നങ്ങൾ അണിയറയിൽ ഒരുങ്ങുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.മൊബൈൽ സാങ്കേതികവിദ്യയുടെ ആവാസവ്യവസ്ഥയുടെ വ്യാപനത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹരിക്കുന്നതിനും വേണ്ടി ഗവേഷണം നടത്തുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ആഗോള വാണിജ്യ ശൃംഖലയാണ് 2000മാണ്ടിൽ സ്ഥാപിതമായ എംഇഎഫ്. ഈ ശൃംഖലയിലെ അംഗങ്ങൾക്ക് അത്യാധുനിക സാങ്കേതികവിദ്യ, ആഗോള സഹകരണം, പങ്കാളിത്തം തുടങ്ങിയവയിൽ അന്താരാഷ്ട്ര ഫോറമാണ് ലഭിക്കുന്നത്.

കേരള സ്റ്റാർട്ടപ്പ് മിഷൻറെ ഉപഭോക്താക്കളുമായി ഫലപ്രദമായ ഇടപെടൽ നടത്തുന്നതിനു വേണ്ടി 2021 ലാണ് ഗ്രീൻ ആഡ്സുമായി പങ്കാളിത്തം ആരംഭിച്ചത്.

# പുതിയ പെൻഷൻ സേവിങ്ങ്സ് പദ്ധതിയുമായി ഐസിഐസിഐ

**തിരുവനന്തപുരം:** ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷൂറൻസ് റിട്ടയർമെന്റ് സമ്പാദ്യത്തിനായുള്ള ഐസിഐസിഐ പ്രു ഗോൾഡ് പെൻഷൻ സേവിങ്ങ്സ് പദ്ധതി അവതരിപ്പിച്ചു. കാലാവധി എത്തുമ്പോൾ 60 ശതമാനം വരെ നികുതി രഹിതമായി പിൻവലിക്കുന്നത് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളാണ് ഇതിലൂടെ ലഭിക്കുകയെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷൂറൻസ് ചീഫ് ഡിസ്ട്രിബ്യൂഷൻ ഓഫിസർ അമിത് പാൽട്ട പറഞ്ഞു. മൂലധനത്തിന് സുരക്ഷയും ലിക്വിഡിറ്റി ആവശ്യങ്ങൾക്കായി ഭാഗിക പിൻവലിക്കലും നൽകുന്ന ഇന്ത്യയിലെ ആദ്യ പെൻഷൻ പദ്ധതിയാണിത്. ഉപഭോക്താക്കൾക്ക് കോംപ്ലിമെന്ററി ആരോഗ്യ പരിശോധനകളും പ്രയോജനപ്പെടുത്താം. റിട്ടയർമെന്റ് ആവശ്യത്തിനായി പടിപടിയായി സമ്പാദിക്കുകയും സാമ്പത്തിക സ്വാതന്ത്ര്യത്തോടെയുള്ള റിട്ടയർമെന്റ് ജീവിതം ഉറപ്പാക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. ലിക്വിഡിറ്റി ആവശ്യങ്ങൾക്കായി മൂന്നു വർഷത്തിനു ശേഷം 25 ശതമാനം വരെ പിൻവലിക്കാനും സാധിക്കും. അതിവേഗത്തിൽ മാറിക്കൊണ്ടിരിക്കുന്ന കുടുംബ ഘടനകളുടെ പശ്ചാത്തലത്തിൽ റിട്ടയർമെന്റ് പ്ലാനിങ്ങിന് ഏറെ പ്രാധാന്യമാണുള്ളതെന്നും അമിത് പാൽട്ട പറഞ്ഞു.



# പുതിയ ഗ്യാലക്സി എ15 5ജിയുമായി സാംസങ്ങ്

**കൊച്ചി:** സാംസങ്ങ് പുതിയ ഗ്യാലക്സി എ15 5ജി സ്മാർട്ട്ഫോൺ വിപണിയിൽ അവതരിപ്പിച്ചു. ഗ്യാലക്സി എ15 സ്മാർട്ട്ഫോണിന്റെ പുതിയ സ്റ്റോറേജ് വേരിയന്റാണ് വിപണിയിൽ ലഭ്യമാക്കിയിരിക്കുന്നത്. 6 ജി.ബി.റാമും 128 ജി.ബി.സ്റ്റോറേജുമുള്ള പുതിയ ഗ്യാലക്സി എ 15 5ജി ഓഫറുകളോടെ 16499 രൂപയ്ക്ക് ലഭ്യമാകും. ഇതോടെ ഗ്യാലക്സി എ15 5ജിയുടെ കൂടുതൽ ആകർഷകമായ വകഭേദങ്ങളാണ് വിപണിയിൽ ലഭ്യമാകുന്നത്. എട്ട് ജി.ബി. റാമും 256 ജി.ബി. സ്റ്റോറേജും, എട്ട് ജി.ബി. റാമും 128 ജി.ബി. സ്റ്റോറേജുമുള്ള ഫോണുകൾ നിലവിൽ ലഭ്യമാണ്. ബ്ലൂ ബ്ലാക്ക്, ബ്ലൂ, ലൈറ്റ് ബ്ലൂ എന്നിങ്ങനെ മൂന്ന് നിറങ്ങളിൽ സ്മാർട്ട് ഫോണുകൾ ലഭ്യമാണെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.പ്രീമിയം ലുക്ക് നൽകുന്ന ഡിസൈനാണ് ഫോണിന്റെ പ്രത്യേകതകളിലൊന്ന്. ഗ്ലാസെന്ന് തോന്നിപ്പിക്കുന്ന രീതിയിൽ ആകർഷകമാണ് ബാക്ക് പാനൽ. സൈഡ് പാനൽ ഡിസൈനും ഫ്ളാറ്റ് ലീനിയർ ക്യാമറയും ഫോണിന് കൂടുതൽ ഗ്രിപ്പ് നൽകുന്നതിനൊപ്പം ആകർഷകത്വവും വർധിപ്പിക്കുന്നു. 6.5 ഇഞ്ച് അമോലെഡ് ഡിസ്പ്ലേയാണ് ഗ്യാലക്സി എ15 5ജിയുടേത്. കൂടുതൽ മികവാർന്ന അനുഭവം പകരുന്ന വിഷൻ ബുസ്റ്റർ , 90ഹെർട്സ് (എച്ച്.ഇസഡ്) റിഫ്രഷ്റേറ്റ്, കണ്ണിന് സുഖകരമായ ലോ ബ്ലൂ ലൈറ്റ് ഡിസ്പ്ലേ എന്നിവയെല്ലാം ഗ്യാലക്സി എ15 5ജിയുടെ മികവ് കൂട്ടുന്ന ഘടകങ്ങളിൽ ഉൾപ്പെടുന്നു. 50എം.പി. ട്രിപ്പിൾ ക്യാമറയാണ് ഗ്യാലക്സി എ15 5ജിയുടേത്. വീഡിയോ പകർത്തുമ്പോൾ കൂടുതൽ മികവും ക്ലാരിറ്റിയും ഉറപ്പുവരുത്തുന്നതിന് വീഡിയോ ഡിജിറ്റൽ ഇമേജ് സ്റ്റെബിലൈസേഷൻ (വി.ഡി.ഐ.എസ്.) സംവിധാനമുണ്ട്. സെൽഫിയുടെ ആകർഷകത്വം ഉറപ്പുവരുത്താൻ 13എം.പി.ഫ്രണ്ട് ക്യാമറയ്ക്കാകും. മൊബൈൽ ഉപഭോക്താക്കളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള നോക്സ് സെക്യൂരിറ്റി പ്ലാറ്റ്ഫോമിലാണ് ഗ്യാലക്സി എ15 5ജിയും വരുന്നത്. ഓട്ടോ ബ്ലോക്കർ, പ്രൈവസി ഡാഷ്ബോർഡ്, സാംസങ്ങ് പാസ്കീ തുടങ്ങിയ സെക്യൂരിറ്റി സംവിധാനങ്ങളുമുണ്ട്. നോക്സ് വോൾട്ട് ചിപ്സെറ്റ് ഡാറ്റയുടെ സുരക്ഷ ഉറപ്പാക്കുന്നു. പിൻനമ്പറിന്റെയും പാസ് വേഡിന്റെയും പാറ്റേണിന്റെയും സുരക്ഷ, ഹാർഡ് വെയർ, സോഫ്റ്റ് വെയർ ഭീഷണികളിൽ നിന്നുള്ള സുരക്ഷ എന്നിവയെല്ലാം ഗ്യാലക്സി എ15 5ജി ഫീച്ചറുകളിൽ ഉൾപ്പെടുന്നു. ഗ്യാലക്സി എ15 5ജിയിൽ നാലുതലമുറ ഓപ്പറേറ്റിങ്ങ് സിസ്റ്റം അപ്ഡേറ്റ് ലഭ്യമാണ്. അതായത് വരുന്ന നാലുവർഷത്തേക്ക് ഫോണുമായി ബന്ധപ്പെട്ട് വരുന്ന പുതിയ ഫീച്ചറുകളെല്ലാം ഉപഭോക്താക്കൾക്ക് അപ്ഡേറ്റ് ചെയ്യാനാകും. അഞ്ചുവർഷത്തെ സെക്യൂരിറ്റി അപ്ഡേറ്റും ഗ്യാലക്സി എ15 5ജി ഉറപ്പുനൽകുന്നു.

# ഭക്ഷ്യ സുരക്ഷയും ആരോഗ്യകരമായ ഭക്ഷണ ശീലങ്ങളും





**ഡോ. സുനിത പൗലോസ്,**
സീനിയർ മാനേജർ, റിസർച്ച് ആൻഡ് ഡവലപ്മെന്റ്
വി മാനിഫെസ്റ്റ് പ്രൈവറ്റ് ലിമിറ്റഡ്, കളമശ്ശേരി.

ലോക ഒബീസിറ്റി ദിനം ആചരിക്കുന്ന വേളയിൽ, പൊണ്ണത്തടി ചെറുക്കുന്നതിനുള്ള അടിയന്തര നടപടിയുടെ ആവശ്യകതയെ ഒരു ആഗോള വിഷയമായി എടുത്തുകാണിക്കുന്നു. ലോകമെമ്പാടും പൊണ്ണത്തടി നിരക്ക് വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ, ഈ പ്രശ്നം കൈകാര്യം ചെയ്യുന്നതിൽ ഭക്ഷ്യ സുരക്ഷയുടെയും ആരോഗ്യകരമായ ഭക്ഷണ ശീലങ്ങളുടെയും നിർണായക പങ്ക് വിദഗ്ധർ ഊന്നിപ്പറയുന്നു.

തെറ്റായ ഭക്ഷണക്രമവും, ദോഷകരമായ ഭക്ഷണവും, അമിതവണ്ണവുമായി ബന്ധപ്പെട്ട ആരോഗ്യ പ്രേശ്നവും തമ്മിലുള്ള ബന്ധം ഈ വിഷയത്തെ അടിവരയിട്ട് ഉറപ്പിക്കുന്നു. ആഗോള സമൂഹം ലക്ഷ്യം ഇടുന്നത് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കിക്കൊണ്ട് , ആരോഗ്യകരമായ ഭക്ഷണ ശീലങ്ങൾ പ്രോത്സാഹിപ്പിച്ചു കൊണ്ടും ഒബീസിറ്റി തടഞ്ഞും വരും തലമുറകൾക്ക് നിലനിൽക്കുന്ന ആരോഗ്യം ദൃഢമാകുക എന്നതാണ്.

ആരോഗ്യം ഭക്ഷണത്തിലെ പോഷക മൂല്യത്തെ ആശ്രയിച്ച് ലോകത്ത് ഭക്ഷണമില്ലാതെ ഓരോ ദിവസവും 25,000 പേർ മരിക്കുന്നതു പോലെ ഭക്ഷണം കഴിച്ചിട്ടും അത്ര തന്നെ പേർ മരിക്കുന്നുണ്ട്. ചിലർ മായം കലർന്ന ഭക്ഷണം കഴിച്ച് നശിക്കുമ്പോൾ, മറ്റു പലരും ദോഷകരമായ ഭക്ഷ്യവസ്തുക്കളിൽ നിന്ന് ആരോഗ്യപരമായ അപകടങ്ങളെ അഭിമുഖീകരിക്കുന്നു. നമ്മുടെ ആരോഗ്യം നാം കഴിക്കുന്ന ഭക്ഷണത്തിന്റെ പോഷക മൂല്യത്തെയും സുരക്ഷിതത്വത്തെയും ആശ്രയിച്ചിരിക്കുന്നു.

ഭക്ഷ്യ വസ്തുക്കളിലേക്ക് രാസ അവശിഷ്ടങ്ങൾ, കൃത്രിമ നിറങ്ങൾ, പ്രിസർവേറ്റീവുകൾ, അല്ലെങ്കിൽ വിഷ പദാർത്ഥങ്ങൾ എന്നിവ പോലുള്ള ദോഷകരമായ വസ്തുക്കൾ നുഴഞ്ഞുകയറുന്നത് നമ്മുടെ ആരോഗ്യത്തെ അപകടപ്പെടുത്തുക മാത്രമല്ല, ഉൽപ്പാദനം മുതൽ വിതരണം വരെ ഭക്ഷ്യ വിതരണ ശൃംഖലയുടെ വിവിധ വശങ്ങളെ ബാധിക്കുകയും ചെയ്യുന്നു. ഉൽപ്പാദനവും സംസ്കരണവും മുതൽ വിതരണവും വിൽപ്പനയും വരെയുള്ള എല്ലാ ഘട്ടങ്ങളിലും, ഭക്ഷ്യ വിതരണ ശൃംഖല എവിടെയും സംഭവിക്കാവുന്ന മലിനീകരണ സംഭവങ്ങൾക്ക് വിധേയമാണ്. സേഫ് ഫുഡ് ഇനീഷ്യേറ്റീവിന്റെ ഭാഗമായി 2022 മുതൽ 2023 വരെ നടത്തിയ പഠനങ്ങൾ പ്രകാരം, 32.31% പച്ചക്കറികളിലും 44.2% പഴങ്ങളിലും, 66.6% സുഗന്ധവ്യഞ്ജനങ്ങളിലും, 50% സുഗന്ധദ്രവ്യങ്ങളിലും, 1428% മലിനീകരണത്തിലും കീടനാശിനി അവശിഷ്ടങ്ങൾ കണ്ടെത്തി. ഭക്ഷണത്തിൽ ഹാനികരമായ വസ്തുക്കളുടെ സാന്നിധ്യത്തിനുള്ള കാരണങ്ങൾ സാമ്പത്തിക ലക്ഷ്യങ്ങൾ, അയഞ്ഞ നിയന്ത്രണങ്ങൾ, മോശം നിയന്ത്രണ

**ആരോഗ്യം ഭക്ഷണത്തിലെ പോഷക മൂല്യത്തെ ആശ്രയിച്ച്ലോകത്ത് ഭക്ഷണമില്ലാതെ ഓരോ ദിവസവും 25,000 പേർ മരിക്കുന്നതു പോലെ ഭക്ഷണം കഴിച്ചിട്ടും അത്ര തന്നെ പേർ മരിക്കുന്നുണ്ട്. ചിലർ മായം കലർന്ന ഭക്ഷണം കഴിച്ച് നശിക്കുമ്പോൾ, മറ്റു പലരും ദോഷകരമായ ഭക്ഷ്യവസ്തുക്കളിൽ നിന്ന് ആരോഗ്യപരമായ അപകടങ്ങളെ അഭിമുഖീകരിക്കുന്നു. നമ്മുടെ ആരോഗ്യം നാം കഴിക്കുന്ന ഭക്ഷണത്തിന്റെ പോഷക മൂല്യത്തെയും സുരക്ഷിതത്വത്തെയും ആശ്രയിച്ചിരിക്കുന്നു.**

നടപടികൾ, കുറഞ്ഞ വിലയുള്ള ഉൽപ്പന്നങ്ങളുടെ ഉയർന്ന ഡിമാൻഡ് എന്നിവ ഉൾപ്പെടുന്നു. ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് കർശനമായ നിയന്ത്രണങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ഉണ്ടെങ്കിലും, ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിൽ വെല്ലുവിളികൾ നിലനിൽക്കുന്നു.അതിനാൽ, പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിനും ഭക്ഷ്യ വിതരണ ശൃംഖലയുടെ സമഗ്രത നിലനിർത്തുന്നതിനും ഈ പ്രശ്നങ്ങൾ സമഗ്രമായും സജീവമായും പരിഹരിക്കേണ്ടത് അത്യാവശ്യമാണ്. ലോക ഒബീസിറ്റി ദിനം അനുസ്മരിച്ചുകൊണ്ട്, ആരോഗ്യ സംഘടനകളും നയരൂപീകരണക്കാരും അഭിഭാഷകരും പൊണ്ണത്തടിയുടെ മൂലകാരണങ്ങൾ പരിഹരിക്കുന്നതിനും ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള സഹകരണ പ്രവർത്തനത്തിന്റെ പ്രാധാന്യം ഊന്നിപ്പറയുന്നു. ഭക്ഷ്യ സുരക്ഷയ്ക്ക് മുൻഗണന നൽകുന്നതിലൂടെയും ആരോഗ്യകരമായ ഭക്ഷണ ശീലങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെയും, ഒബീസിറ്റി തടയാനും വരും തലമുറകൾക്ക് പൊതുജനാരോഗ്യം സംരക്ഷിക്കാനും ആഗോള സമൂഹം ലക്ഷ്യമിടുന്നു.



**ഭക്ഷ്യ സുരക്ഷ അനിവാര്യം**

പൊണ്ണത്തടിയ്ക്കെതിരായ പോരാട്ടവും ഭക്ഷ്യസുരക്ഷ പ്രോത്സാഹിപ്പിക്കലും ആഗോള പൊതുജനാരോഗ്യ വ്യവഹാരത്തിൽ നിർണായകമായ അനിവാര്യതയാണ്. മോശം ഭക്ഷണക്രമം, ദോഷകരമായ ഭക്ഷണ, അമിതവണ്ണ നിരക്കിലെ ഭയാനകമായ വർദ്ധനവ് എന്നിവ തമ്മിലുള്ള സങ്കീർണ്ണമായ ബന്ധം ബഹുമുഖ പരിഹാരങ്ങൾ ആവശ്യമാണ്. കർശനമായ നിയന്ത്രണങ്ങളും മെച്ചപ്പെടുത്തിയ വിതരണ സംവിധാനങ്ങളും ഉൾപ്പെടെയുള്ള ഭക്ഷ്യ സുരക്ഷാ പ്രോട്ടോക്കോളുകൾ ഉയർത്തുന്നത്, നിലവാരമില്ലാത്ത ഭക്ഷണ ഉപഭോഗവുമായി ബന്ധപ്പെട്ട ആരോഗ്യ അപകടങ്ങളിൽ നിന്ന് ഉപഭോക്താക്കളെ സംരക്ഷിക്കുന്നതിനുള്ള ഒരു മൂലക്കല്ലായി ഉയർന്നുവരുന്നു.ഒബീസിറ്റിയെ ചെറുക്കുന്നതിൽ പരമപ്രധാനമായ പ്രാധാന്യം കൈക്കൊള്ളുന്നത് ആരോഗ്യകരമായ ഭക്ഷണ ശീലങ്ങളായ സമീകൃതവും സമ്പന്നവുമായ പോഷകാഹാര ഭക്ഷണത്തിലൂടെ ആണ്.ഇതിനുവേണ്ടി സർക്കാർ സ്ഥാപനങ്ങൾ, ആരോഗ്യ സംരക്ഷണ വിദഗ്ധർ, വ്യവസായ പങ്കാളികൾ, ശാക്തീകരിക്കപ്പെട്ട ഉപഭോക്താക്കൾ എന്നിവർക്കിടയിലുള്ള സഹകരണവും കാര്യക്ഷമമായ ഇടപെടലുകളും നിർണായകമാണ്.അമിതവണ്ണത്തിന്റെ വിപത്ത് ആഗോള ആരോഗ്യ ഭൂപ്രകൃതിയിൽ നിന്ന് തുടച്ചു നീക്കി ഒരു ഭാവി കെട്ടിപ്പടുക്കുന്നതിന് വേണ്ടി ഉയർന്ന ബോധവൽക്കരണ ക്യാമ്പയിനുകളും , ടാർഗെറ്റുചെയ്ത വിദ്യാഭ്യാസ സംരംഭങ്ങളും, തെളിവുകൾ അടിസ്ഥാനമാക്കിയുള്ള നയങ്ങൾ നടപ്പിലാകുന്നതിലൂടെയും, ആരോഗ്യകരമായ ജീവിതശൈലി പടുത്തുയർത്തുന്നതിനു വേണ്ടി അനുയോജ്യമായ അന്തരീക്ഷം നമുക്ക് സൃഷ്ടിക്കാൻ കഴിയും.




## ഡോ. അഗർവാൾസ് ഐ ഹോസ്പിറ്റൽസ് കേരളത്തിൽ 100 കോടിയുടെ നിക്ഷേപം നടത്തും

**കൊച്ചി:** രാജ്യത്തെ മുൻനിര സൂപ്പർ സ്പെഷ്യാലിറ്റി ഐ ഹോസ്പിറ്റൽസ് ഗ്രൂപ്പുകളിലൊന്നായ ഡോ.അഗർവാൾസ് ഗ്രൂപ്പ് ഓഫ് ഐ ഹോസ്പിൽസ്റ്റൽസ് അടുത്ത രണ്ട് വർഷത്തിനുള്ളിൽ കേരളത്തിൽ 100 കോടി രൂപയുടെ നിക്ഷേപം നടത്തുന്നു .

കണ്ണൂർ, തൃശൂർ, പാലക്കാട്, കൊല്ലം, തലശ്ശേരി, മലപ്പുറം എന്നിവിടങ്ങളിൽ പുതിയ ആശുപത്രികൾ ആരംഭിക്കുന്നതിനും കൊച്ചി, കോഴിക്കോട് തിരുവനന്തപുരം തുടങ്ങിയ സ്ഥലങ്ങളിലെ നിലവിലുള്ളവ നവീകരിക്കുന്നതിനുമാണ് പുതിയ നിക്ഷേപം ഉപയോഗിക്കുകയെന്ന് കേരള ഓപ്പറേഷൻസ് അസോസിയേറ്റ് വൈസ് പ്രസിഡൻറ് ധീരജ് ഇ.റ്റി അറിയിച്ചു. വിപുലീകരണത്തിൻറെ ഭാഗമായി തിരുവനന്തപുരം വെള്ളയമ്പലത്തെ ആശുപത്രിയിൽ റെറ്റിന സേവനങ്ങൾക്ക് മാത്രമായി അന്താരാഷ്ട്ര നിലവാരത്തിലുള്ള അത്യന്താധുനിക സൗകര്യങ്ങൾ തുടങ്ങി. ഇതിൻറെ ഉദ്ഘാടനം തിരുവിതാംകൂർ രാജകുടുംബാഗം ആദിത്യ വർമ്മ നിർവഹിച്ചു. പഞ്ചാബ്, മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ്, തെലുങ്കാന തുടങ്ങിയ സംസ്ഥാനങ്ങളിൽ ഉടനെതന്നെ പുതിയ കേന്ദ്രങ്ങൾ തുറക്കാനും ഗ്രൂപ്പ് ലക്ഷ്യമിടുന്നു.

ഇന്ത്യയിൽ 131 ആശുപത്രികളും 15 നേത്ര ചികിത്സ ക്ലിനിക്കുകളും ആഫ്രിക്കയിലെ 15 പ്രീമിയർ സൗകര്യങ്ങളുൾപ്പെടെ 160 ലധികം നേത്രചികിത്സാ സംവിധാനങ്ങൾ ഡോ.അഗർവാൾസ് ഗ്രൂപ്പ് ഓഫ് ഐ ഹോസ്പിറ്റൽസിനു കീഴിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ക്ലിനിക്കൽ സർവ്വീസസ് റീജിയണൽ ഹെഡ് ഡോ. എസ്. സൗന്ദരിയും, ക്ലിനിക്കൽ സർവ്വസസ് മേധാവി ഡോ. ജയ് മാത്യു പെരുമാള്ളും അറിയിച്ചു.




## ബിസിനസ് നിയമങ്ങൾ: കെ എം എ ചർച്ച സംഘടിപ്പിച്ചു

**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷന്റെ നേതൃത്വത്തിൽ ഡിക്രിമിനലൈസേഷൻ ഓഫ് ബിസിനസ് ലോസ് ഇൻ കേരള എന്ന വിഷയത്തിൽ ഗ്രൂപ്പ് ചർച്ച നടത്തി. സെന്റർ ഫോർ പബ്ലിക്ക് പോളിസി റിസർച്ച് സീനിയർ അസോസിയേറ്റ് അനു അന്ന ജോ വിഷയാവതരണം നടത്തി.

സമ്പത്ത് സൃഷ്ടിക്കുക എന്നതാണ് ബിസിനസിന്റെ ലക്ഷ്യം എന്നതിനാൽ പ്രശ്നങ്ങളുടെ പരിഹാരം ബിസിനസ് രംഗത്തെ മികച്ചതാക്കുകയാണ് ചെയ്യുകയെന്ന് ചർച്ച അഭിപ്രായപ്പെട്ടു. ബിസിനസുമായി ബന്ധപ്പെട്ട് 75 നിയമങ്ങളിൽ ജയിൽ ശിക്ഷ ലഭിക്കാവുന്ന സാഹാചര്യങ്ങൾ നിലവിലുണ്ട്. അതോടൊപ്പം 19ലേറെ വെൽഫെയർ ഫണ്ട് നിയമങ്ങളും കേരളത്തിലുണ്ട്. തൊഴിലാളികളുമായി ബന്ധപ്പെട്ട് വളരെ ശക്തമായ രീതിയിലാണ് വെൽഫെയർ ഫണ്ടുകളും അതുമായി ബന്ധപ്പെട്ട നിയമങ്ങളും നടപ്പാക്കുന്നത്. കശുവണ്ടി, കയർ, ടെയ്ലറിംഗ്, ജ്വല്ലറി, ഖാദി, കള്ള്, ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ്, അബ്കാരി, കൺസ്ട്രക്ഷൻ, സമാൾ പ്ലാന്റേഷൻ, ബാംബു, റേഷൻ ഡീലേഴ്സ്, ഫിഷർമെൻ, ഡയറി വർക്കേഴ്സ് തുടങ്ങി നിരവധി വെൽഫെയർ ഫണ്ട് ആക്ടുകളാണ് നിലവിലുള്ളത്. വാടകയ്ക്ക് നൽകാനുള്ള കെട്ടിടമോ സ്ഥലമോ ഉണ്ടെങ്കിൽ അതിനു പോലും കൃത്യമായ രീതികളുണ്ട്. അക്കമഡേഷൻ കൺട്രോളർ എന്നൊരു പദവിയുണ്ടെന്നു പോലും നമ്മിൽ പലർക്കും അറിയില്ല. വാടകയ്ക്ക് കൊടുക്കുന്നതിന് മുമ്പ് അക്കമഡേഷൻ കൺട്രോളറിൽ നിന്നുള്ള അനുമതി ലഭ്യമാക്കണം. രാജ്യത്തിന്റെ സാമ്പത്തിക രംഗത്തിന് സംഭാവനകൾ നൽകുന്ന വ്യവസായികൾക്കും വ്യാപാരികൾക്കും പലപ്പോഴും അധികാരികളിൽ നിന്നും മോശമായ പെരുമാറ്റം അനുഭവിക്കേണ്ടി വരാറുണ്ടെന്നും ചർച്ചയിൽ അഭിപ്രായമുയർന്നു. വളരെ ചെറിയ പ്രശ്നത്തെ പോലും വലിയ രീതിയിൽ കാണുന്ന നിലപാട് ഉദ്യോഗസ്ഥർ വെച്ചുപുലർത്താറുണ്ടെന്നും ചർച്ചയിൽ ചൂണ്ടിക്കാട്ടി. പലപ്പോഴും അധികാരത്തിലിരിക്കുമ്പോൾ കടുത്ത നിലപാടെടുക്കുന്ന ഉദ്യോഗസ്ഥർ റിട്ടയർമെന്റിന് ശേഷം തങ്ങളുടെ മേഖലകളിൽ ബിസിനസ് ഉപദേശകരായി രംഗത്തെത്തുകയാണെന്നും ജോലി ചെയ്യുന്ന കാലത്ത് ചെയ്തുകൊടുക്കാത്ത കാര്യങ്ങൾ നിർവഹിക്കാനാവുമെന്ന് പറയുകയും ചെയ്യുന്നത് ഇരട്ടത്താപ്പാണെന്നും ചർച്ചയിൽ അംഗങ്ങൾ പറഞ്ഞു.സെന്റർ ഫോർ പബ്ലിക്ക് പോളിസി റിസർച്ച് ചെയർമാൻ ഡോ. ഡി ധനുരാജ്, കേരള മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ് എ ബാലകൃഷ്ണൻ എന്നിവർ സംസാരിച്ചു.




## സൗജന്യ പ്ലാസ്റ്റിക് സർജറി നിർണയ ക്യാമ്പ് നടത്തി

**കൊച്ചി:** പൊള്ളലേറ്റ് ഗുരുതര പരിക്കേറ്റവർക്കും മുറിച്ചുണ്ടുള്ളവർക്കും സൗജന്യ പ്ലാസ്റ്റിക്സർജറി നിർണ്ണയ ക്യാമ്പ് നടത്തി. റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ നൈറ്റ്സ്, റോട്ടറി കോയമ്പത്തൂർ മെട്രോപൊളിസ്, ഗംഗഹോസ്പിറ്റൽ കോയമ്പത്തൂർ, പീസ് വാലി എന്നിവരുടെ ആഭിമുഖ്യത്തിൽ കെ എം ഇ എ ഹാളിലായിരുന്നു പരിപാടി.ക്യാമ്പിൽ തെരഞ്ഞെടുത്തവരെ കോയമ്പത്തൂർ ഗംഗ ആശുപത്രിയിൽ സൗജന്യ ശസ്ത്രക്രിയ നടത്തും.

ഹൈബി ഈഡൻ എം പി ഉദ്ഘാടനം ചെയ്തു. റോട്ടറി കൊച്ചിൻ നൈറ്റ്സ് പ്രസിഡന്റ് ഡോ. ഫെസി ലൂയിസ്, ടി ജെ വിനോദ്എം എൽ എ, കെ എം ഇ എ ട്രഷറർ മുഹമ്മദ് ബാബു സേട്ട്, നാസർ ലത്തീഫ്, പ്രൊജക്ട് കോർഡിനേറ്റർ ഈസ ഗഫാർ, പീസ്വാലി വൈസ് ചെയർമാൻ ശംസുദ്ദീൻ വി എ, ഗംഗ ഹോസ്പിറ്റലിലെ ഡോ. റോമി, റോട്ടറി കൊച്ചിൻ നൈറ്റ്സ് സെക്രട്ടറി വിജുഅബ്രഹാം, റോട്ടറി അസിസ്റ്റന്റ് ഗവർണർ ശ്വേത എസ് വാസുദേവൻ എന്നിവർ പ്രസംഗിച്ചു.

## ചെന്നൈ-ഡൽഹിഎൻസിആറുമായി ബന്ധിപ്പിക്കൽ; സരൾ 2 സർവ്വീസിന് ഡിപി വേൾഡ് തുടക്കമിട്ടു

**കൊച്ചി:** ചെന്നൈയെ ദേശീയ തലസ്ഥാന മേഖല(ഡൽഹി എൻസിആർ)യുമായി ബന്ധിപ്പിക്കുന്ന മൾട്ടിമോഡൽ സേവനമായ സരൾ 2നു ഡിപി വേൾഡ് തുടക്കമിട്ടു. ആഴ്ചയിൽ 500 ടിഇയു ശേഷിയുള്ള ആദ്യത്തെ മൾട്ടി മോഡൽ പ്രതിദിന റെയിൽ ചരക്ക് സർവീസാണ് സരൾ 2.കാർബൺ ഡൈ ഓക്സൈഡ് ബഹിർഗമനം കുറയ്ക്കുന്നതിനും വിതരണ ശൃംഖലയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും തീരദേശ, റെയിൽ, ട്രക്ക് പ്രവർത്തനങ്ങൾ സമന്വയിപ്പിച്ചുകൊണ്ട് ഡിപി വേൾഡ് നടത്തുന്ന സേവനങ്ങൾക്ക് സരൾ 2 പ്രയോജനകരമാകും. റോഡ് ഗതാഗതവുമായി

താരതമ്യപ്പെടുത്തുമ്പോൾ കാർബൺ ഡയോക്സൈഡ് ബഹിർഗമനത്തിൽ70% എന്ന തോതിൽ ഗണ്യമായ കുറവുണ്ടാകും.സരൾ സംരംഭത്തിന് കീഴിൽ നൂതനമായ ആരംഭിച്ച സേവനം അവാന ലോജിസ്റ്റെക്കും (ഡിപി വേൾഡ് കമ്പനിയായ യൂണിഫീഡറിന്റെ ഭാഗം) ഡിപി വേൾഡിന്റെ റെയിൽ ചരക്ക് സർവീസസും സംയുക്തമായാണ് ആരംഭിച്ചത്. രാജ്യത്തെ വടക്കൻ വിപണികളെ തെക്കൻ മേഖലയോട് സരൾ 2 സമീപസ്ഥമാക്കും.

പ്രധാനമന്ത്രി ഗതി ശക്തി ദേശീയ മാസ്റ്റർ പ്ലാനിന് യോജ്യമായി സരൾ 2 മേഖലയിലും പരിസരത്തുമുള്ള വിവിധ വ്യവസായ ക്ലസ്റ്ററുകളിലേക്ക് തടസ്സമില്ലാത്ത മൾട്ടിമോഡൽ കണക്റ്റിവിറ്റി നൽകും.ഉപഭോക്താക്കൾക്ക് ലോജിസ്റ്റിക്സ് മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനുമുള്ള തുടർച്ചയായ പരിശ്രമത്തിന്റെ ഭാഗമാണ് സരൾ 2 എന്ന് ഡിപി വേൾഡ് സബ്കോണ്ടിനെന്റ് റെയിൽ ആൻഡ് ഇൻലാൻഡ് ടെർമിനൽസ് വൈസ് പ്രസിഡന്റ് അധേന്ദ്രു ജെയിൻ പറഞ്ഞു.

കാര്യക്ഷമവും വിശ്വസനീയവും സുസ്ഥിരവുമായ പ്രവർത്തനങ്ങൾക്കായി ടുവേ കണക്ഷൻ സാധ്യമാക്കുന്ന സരൾ 2 സേവനം സൗരോർജ്ജ വ്യവസായങ്ങൾ, ചരക്ക്, എഫ്എംസിജി, ആഭ്യന്തര റീട്ടെയിൽ ബിസിനസുകൾ, രണ്ട് പ്രദേശങ്ങളിലെയും എക്സിം ബിസിനസുകൾ

എന്നിവയ്ക്ക് പ്രയോജപ്രദമാകും.ചെന്നൈയെയും ഡൽഹിഎൻസിആറിനെയും ബന്ധിപ്പിക്കുന്ന സരൾ 2 സേവനത്തിന്റെ ആരംഭിച്ചതിലൂടെ ശക്തമായ മൾട്ടിമോഡൽ വിതരണ ശൃംഖല കെട്ടിപ്പടുക്കുന്നതിനും കാർഗോ ഉടമകൾക്ക് ചരക്ക് നീക്കത്തിന് ചെലവ് കുറഞ്ഞതും സുസ്ഥിരവുമായ അവസരം ഒരുക്കുന്നതിനുമാണ് ഡിപി വേൾഡ് ലക്ഷ്യമിടുന്നത്.




# ഫെഡെക്സ് പവർ നെറ്റ് വർക്കിങ് മീറ്റിംഗ്: 18ാമത് എഡിഷൻ സംഘടിപ്പിച്ചു

**കൊച്ചി:** ഫെഡെക്സ് കോർപ്പറേഷൻറെ സബ്സിഡിയറിയും ലോകത്തിലെ ഏറ്റവും വലിയ എക്സ്പ്രസ് ട്രാൻസ്പോർട്ടേഷൻ കമ്പനികളിലൊന്നായ ഫെഡെക്സ് എക്സ്പ്രസ് പവർ നെറ്റ് വർക്കിങ് മീറ്റിൻറെ 18ാമത് എഡിഷൻ കൊച്ചിയിൽ സംഘടിപ്പിച്ചു. ഇന്ത്യയിലെ ചെറുകിടഇടത്തരം സംരംഭങ്ങളെ ശാക്തീകരിക്കാനുള്ള കമ്പനിയുടെ പ്രതിബദ്ധതയുടെ ഭാഗമായാണ് പരിപാടികൾ സംഘടിപ്പിച്ചത്. ഇൻറലിജൻറ് ലോജിസ്റ്റിക് സംവിധാനങ്ങൾ, ഡിജിറ്റൽ രംഗത്തെ പുതുമകൾ തുടങ്ങിയവ വഴി നേട്ടങ്ങളുണ്ടാക്കാൻ സഹായിക്കുകയാണ് ഇതിലൂടെ ഉദ്ദേശിച്ചത്. ഹൈടെക്, ഭക്ഷ്യവ്യവസായം, കെമിക്കൽസ്, കയർ, കരകൗശല മേഖല, കാർപെറ്റ് തുടങ്ങിയ വിവിധ മേഖലകളിൽ നിന്നുള്ള 82ൽ ഏറെ ഉപഭോക്താക്കളാണ് പരിപാടികളിൽ പങ്കെടുത്തത്.

ചെറുകിട, ഇടത്തരം സംരംഭങ്ങളാണ് ഇന്ത്യൻ സമ്പദ്ഘടനയെ ത്വരിതപ്പെടുത്തുന്നതെന്നും 50 വർഷത്തിലേറെയായുള്ള ലോജിസ്റ്റിക് അനുഭവ സമ്പത്ത് ആഗോള വ്യാപാരത്തിൻറെ സങ്കീർണതകളിലൂടെ മുന്നോട്ടു പോകാൻ ചെറുകിട സംരംഭങ്ങളെ സഹായിക്കാൻ തങ്ങൾക്കു ശക്തിയേകുമെന്നും ഫെഡെക്സ് എക്സപ്രസ് എംഇഐഎസ്എ മാർക്കറ്റിങ് വൈസ് പ്രസിഡൻറ് നിതിൻ നവനീത് തതിവാല പറഞ്ഞു. ഇത്തരത്തിലുള്ള പരിപാടികൾ ഫെഡെക്സിൻറെ സേവനങ്ങളെ കുറിച്ച് അറിയാനും അവ പ്രയോജനപ്പെടുത്താനും ചെറുകിട സംരംഭങ്ങളെ സഹായിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



# ഐ ഐ എ: സംസ്ഥാന പുരസ്കാരങ്ങൾ സമ്മാനിച്ചു

**കൊല്ലം :** ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർക്കിടെക്ട്സ് (ഐ ഐ എ) സംസ്ഥാന പുരസ്കാരങ്ങൾ സമ്മാനിച്ചു. കൊല്ലത്ത് രണ്ടുദിവസങ്ങളിലായി നടന്ന മൽസരത്തിൽ 16 കാറ്റഗറികളിലായാണ് അവാർഡ് ജേതാക്കളെ തിരഞ്ഞെടുത്തത്. സിംഗിൾഭവന വിഭാഗത്തിൽ എം.ഹാരിഷും(സ്റ്റെപ്ത്തി) ശ്യാം രാജ് ചന്ദ്രോത്തും(സെവൻന്ത് ഹ്യൂ ആർക്കിറ്റേഴ്സ് സ്റ്റുഡിയോ) ഗോൾഡൻലീഫ് നേടി. പി.ആനന്ദ്, സച്ചിൻ രാജ് (എ ലൈൻ സ്റ്റുഡിയോ) എന്നിവർക്കാണ് സിൽവർ ലീഫ്. റെസിഡൻഷ്യൽപാർപ്പിട സമുച്ചയ വിഭാഗത്തിൽ സെബാസ്റ്റ്യൻ ജോസിന് (ശില്പി ആർക്കിടെക്ട്) സിൽവർ ലീഫ് ലഭിച്ചു. റസിഡൻഷ്യൽ വിഭാഗംകെട്ടിടങ്ങളുടെ ഇൻറീരിയൽ ഡിസൈനിംങിൽ സി.എ മധുഷിത, ലിജോജോൺ മാത്യൂ( കൊച്ചിൻ ക്രിയേറ്റീവ് കളക്ടീവ്) എന്നിവർ ഗോൾഷൻ ലീഫ് നേടി. സാറൈൻ ഹോഷാംഗ് ജംഷദ്ജിക്കാണ് (സാറൈൻ ജംഷദ്ജി ആർക്കിടെക്റ്റ്) സിൽവർ ലീഫ്. കെ.ഷബ്ന, കെ.ജെ. നിധിൻ രാജ്(സീറോ സ്റ്റുഡിയോ) എന്നിവർ പ്രത്യേക പരാമർശം നേടി. വാസ്തുശില്പ മൂലകവിഭാഗത്തിൽ പി.ആനന്ദ്, സച്ചിൻ രാജ്(എലൈൻസ്റ്റുഡിയോ) എന്നിവർക്കാണ് ഗോൾഡൻ ലീഫ്. ഈ വിഭാഗത്തിൽ എ.കെസുഹൈൽ(സോഹോ ആർക്കിടെക്റ്റ്) സിൽവർ ലീഫ് നേടി. പബ്ലിക്ക് ബിൽഡിംങ് വിഭാഗത്തിൽ എം.നിഷാൻ, പി.പി വിവേക്( ഡീ എർത്ത്) എന്നിവർക്ക് ഗോൾഡനും ഗുരുപ്രസാദ് റാനെ, പി.മാനസി(ഭൂമിജ ക്രിയേഷൻസ്) എന്നിവർ പ്രത്യേക പരാമർശവുംനേടി. വാണിജ്യ വിഭാഗം കെട്ടിടങ്ങളിൽ കോശി പി. കോശി(കോശിഷ്) ക്കാണ് ഗോൾഡൻ ലീഫ്. ഇൻസ്റ്റിറ്റ്യൂഷണൽ കെട്ടിട വിഭാഗത്തിൽ നിമിഷ ഹക്കിം, ബ്രിജേഷ് ഷൈജാൽ(ഡിസൈൻ ആശ്രാം കൺസൾട്ടൻസ്) എന്നിവർ ഗോൾഡൻ ലീഫ് നേടി. നോൺ റസിഡൻഷ്യൽ ഇൻറീരിയർ വിഭാഗത്തിൽ സി.എ മധുഷിത, ലിജോ ജോൺ മാത്യൂ(കൊച്ചിൻ ക്രിയേറ്റീവ് കളക്ടീവ്) എന്നിവർക്ക് ഗോൾഡൻ ലീഫും രാജീവ് ബാബു, കെ.അഷ്യ, കെ.എ ഭാസ്കർ(സ്പേസസ് ആൻറ് ഡയലോഗ്സ്) എന്നിവർക്ക് സിൽവറും ലഭിച്ചു. ഹോസ്പിറ്റാലിറ്റി വിഭാഗത്തിൽ എ.വി സതീഷ്, കീർത്തി സുവർണ്ണൻ(സത്ക്രിയ) എന്നിവർക്ക് ഗോൾഡും എസ്.ഷഹന, തോമസ് ഏബ്രഹാം(തോമസ് ആൻറ് ഷഹന ആർക്കിടെക്റ്റ്) വെള്ളിയും നേടി. സംരക്ഷണ വിഭാഗത്തിൽ റിതുസാറാ തോമസ്,സ്വാതി സുബ്രഹ്മണ്യൻ,സവിത രാജൻ(ഈഴാ)എന്നിവർക്ക് ഗോൾഡൻ ലീഫും എ. അനുപമ ശിവരാമൻ, പ്രേംബി രാജ്(ഭൂമിതി ആർക്കിടെക്) സിൽവറും നേടി.റസ്പോൺസബിൾ വാസ്തുവിദ്യാ വിഭാഗത്തിൽ ബി.യു ആനന്ദ് വിഷ്ണു, പി.എസ് കാളിന്ദി(സ്റ്റുഡിയോ മരം) എന്നിവർക്ക് ഗോൾഡും നിമിഷ ഹക്കീം ബ്രിജേഷ് ഷൈജാൻ എന്നിവർ വെള്ളിയുംനേടി. ലാൻറ് സ്കേപ് പ്രോജക്ട് വിഭാഗത്തിൽ കെ.എം മുഹമ്മദ് യാസീൻ(സ്റ്റുഡിയോ അവക്കാഡോ) ഗോൾഡൻ ലീഫുംസിമിശ്രീധരൻ(കോമൺ ഗ്രൗണ്ട്) സിൽവറും നേടി. റിസർച്ച് പേപ്പർ വിഭാഗത്തിൽ റഷ്മ മേരിമാത്യൂ, ലിജോ ജോൺ മാത്യൂഎന്നിവർ ഗോൾഡൻ ലീഫും സി. അഞ്ജലി സിൽവറും നേടി.

# തൃശൂർ ജില്ലയിൽ നെറ്റ് വർക്ക് വിപുലീകരിക്കാൻ എയർടെൽ

**തൃശൂർ:** ഭാരതി എയർടെൽ, തങ്ങളുടെ ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തൃശൂർ ജില്ലയിൽ കൂടുതൽ സൈറ്റുകൾ വിന്യസിച്ചു.

അധിക സൈറ്റുകൾ വോയ്സ്, ഡാറ്റ കണക്റ്റിവിറ്റി എന്നിവയിലെ ഉപഭോക്തൃ അനുഭവം മെച്ചപ്പെടുത്തും. ചാവക്കാട്, കൊടുങ്ങല്ലൂർ, മുകുന്ദപുരം, തലപ്പിള്ളി, തൃശൂർ എന്നീ താലൂക്കുകളിലെ ഉപഭോക്താക്കൾക്ക് ഈ നെറ്റ് വർക്ക് വർദ്ധനയുടെ പ്രയോജനം നേരിട്ട് ലഭിക്കും.എയർടെൽ റൂറൽ എൻഹാൻസ്മെന്റ് പദ്ധതിയുടെ ഭാഗമായാണീ നെറ്റ്വർക്ക് വിപുലീകരണം. 2024ഓടെ രാജ്യത്തെ 60,000 ഗ്രാമങ്ങളിൽ നെറ്റ്വർക്ക് കണക്റ്റിവിറ്റി മെച്ചപ്പെടുത്തുക എന്നതാണ് ലക്ഷ്യം. നെറ്റ് വർക്ക് കപ്പാസിറ്റി വർധിപ്പിക്കുക, ഗ്രാമങ്ങളിലേക്കും ബന്ധമില്ലാത്ത പ്രദേശങ്ങളിലേക്കും സേവനങ്ങൾ എത്തിക്കുക എന്ന ലക്ഷ്യത്തോടെ പുതിയ ഒപ്റ്റിക് ഫൈബർ വിന്യസിക്കാനും എയർടെൽ പദ്ധതിയിടുന്നുണ്ട്. പുതിയ ഫൈബർ കപ്പാസിറ്റി കൂട്ടിച്ചേർക്കുന്നത് ഈ മേഖലയിലെ അതിവേഗ ഡാറ്റാ സേവനങ്ങൾക്കുള്ള ആവശ്യകതയ്ക്ക് അനുസരിച്ചുള്ള വളർച്ചയെ സഹായിക്കും.

ഈ മേഖലയിലെ എയർടെല്ലിന്റെ നെറ്റ്വർക്കിൽ ഇപ്പോൾ ഹൈവേകൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ, വ്യാപാര കേന്ദ്രങ്ങൾ എന്നിവയുൾപ്പെടെ എല്ലാ പ്രധാന നഗര, അർദ്ധ നഗര, ഗ്രാമീണ മേഖലകളും ഉൾപ്പെടുന്നു.ഇതോടെ, ഹിൽ സ്റ്റേഷനുകൾ മുതൽ സംസ്ഥാനത്തുടനീളമുള്ള ബീച്ചുകൾ വരെയുള്ള എല്ലാ ജനപ്രിയ വിനോദസഞ്ചാര കേന്ദ്രങ്ങളിലും മെച്ചപ്പെട്ട നെറ്റ് വർക്ക് ഫുട്പ്രിന്റ്സ് കാണാനാകുന്നു. വയനാട്, ഇടുക്കി, പത്തനംതിട്ട എന്നിവിടങ്ങളിലെ ഹിൽ സ്റ്റേഷനുകൾ മികച്ച നെറ്റ്വർക്കുമായി സജ്ജീകരിച്ചിരിക്കുന്നു, ഇത് വിദൂര സ്ഥലങ്ങളിൽ പോലും എയർടെല്ലിനെ ലഭ്യമാക്കുന്നു.

# ഓപ്പോ എഫ് 25 പ്രൊ പുറത്തിറക്കി

**കൊച്ചി :** ഓപ്പോ ഇന്ത്യയഥാക്രമം 23,999 രൂപ , 25,999 രൂപ , എന്നീ വിലകളിൽ വിൽക്കപ്പെടുന്ന രണ്ട് സ്റ്റോറേജ് വേരിയൻറുകളിൽ ഓപ്പോ എഫ് 25 പ്രൊ 5ജി പുറത്തിറക്കി. പുതിയ ലാവ റെഡ് നിറത്തിൽ ലഭ്യമാകുന്ന ഈ സ്മാർട്ട്ഫോണിൽ 64എംപി റിയർ ട്രിപ്പിൾ ക്യാമറ സജ്ജീകരണം, മുന്നിലും പിന്നിലും ഷൂട്ടറുകളിൽ 4ഗ വീഡിയോ റെക്കോർഡിംഗ്, 6.7 ഇഞ്ച് ബോർഡർലെസ് AMOLED ഡിസ്പ്ലേ, ഒക്ടാ കോർ ഡൈമൻസിറ്റി 7050 SoC, 67W 5000 എം.പി. അതിവേഗ ചാർജിംഗ് ബാറ്ററി എന്നിവ സവിശേഷതകളായുണ്ട്. ഇത് IP65 റേറ്റിംഗും, ഒരു സ്ലിം 7.54ാ പ്രൊഫൈലും വഹിക്കുന്നു, അതേസമയം ഭാരം വെറും 177 ഗ്രാമാണെന്നും ഓപ്പോഇന്ത്യ പ്രൊഡക്ട് കമ്മ്യൂണിക്കേഷൻസ് ഡയറക്ടർ, സാവിയോ ഡിസൂസ പറഞ്ഞു.




# ഗ്ലോകോമ സ്ക്രീനിംഗ് ക്യാമ്പ്

**തിരുവനന്തപുരം:** കാഴ്ചശക്തിയെ ശാശ്വതമായി ബാധിക്കുന്ന ഒരു നേത്രരോഗമാണ് ഗ്ലോകോമ. ഈ രോഗം കൂടുതലായും 40 വയസിനു മുകളിലുള്ള മുതിർന്നവരെയാണ് ബാധിക്കുന്നത്. ഗ്ലോകോമ രോഗത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കാനും നേരത്തെ കണ്ടുപിടിക്കാനും ഉചിതമായ ചികിത്സാ പ്രതിവിധികൾ നിർദ്ദേശിക്കാനും ഈ വർഷം മാർച്ച് 10 മുതൽ 16 വരെ ലോക ഗ്ലോകോമ വാരമായി ആചരിച്ചു പോരുന്നു. ഇതിനോടനുബന്ധിച്ച് തിരുവനന്തപുരം ഗവ. ആയുർവേദ കോളേജ് ആശുപത്രിയിലെ ശാലാക്യതന്ത്ര വിഭാഗം (ഐ ആൻഡ് ഇ.എൻ.ടി) മാർച്ച് 13നു രാവിലെ 9 മണി മുതൽ 1 മണി വരെ ആയുർവേദ കോളേജ് ആശുപത്രി ക്യാമ്പസിൽ ഗ്ലോകോമ സ്ക്രീനിംഗ് ക്യാമ്പ് സംഘടിപ്പിക്കുന്നു. കാഴ്ച പരിശോധന, കണ്ണിന്റെ മർദ്ദം അളക്കൽ, പെരിമെട്രി തുടങ്ങിയ പരിശോധനകൾ ബി.പി.എൽ വിഭാഗത്തിലുള്ളവർക്ക് സൗജന്യമായും എ.പി.എൽ വിഭാഗത്തിലുള്ളവർക്ക് മിതമായ നിരക്കിലും ലഭിക്കും.




# ലോജിസ്റ്റിക്സ് പാർക്കുകൾക്ക് ഏഴ് കോടി വരെ സബ്സിഡി; കരട് നയം പുറത്തിറക്കി

**കൊച്ചി:** ലോജിസ്റ്റിക്സ് പാർക്കുകൾക്ക് ഏഴ് കോടി രൂപ വരെ നിക്ഷേപ സബ്സിഡി പ്രഖ്യാപിച്ച് ലോജിസ്റ്റിക്സ് കരട് നയം വ്യവസായവകുപ്പ് മന്ത്രി പി രാജീവ് പുറത്തിറക്കി. പത്ത് ഏക്കർ സ്ഥലമുള്ള പാർക്കിന് ഏഴ് കോടി രൂപയും അഞ്ചേക്കറുള്ള മിനി പാർക്കുകൾക്ക് മൂന്ന കോടി രൂപയുമാണ് സബ്സിഡി ശുപാർശ ചെയ്യുന്നത്. ലോജിസ്റ്റിക്സ് പാർക്കുകളെ വ്യവസായ മേഖലയായി പ്രഖ്യാപിക്കുമെന്നും പാർക്കുകളുടെ അനുമതിക്ക് ഏകജാലക സംവിധാനം ഏർപ്പെടുത്തുമെന്നും കരട് നയം ശുപാർശ ചെയ്യുന്നുണ്ട്.സംസ്ഥാന വ്യവസായവാണിജ്യ ഡയറക്ടറേറ്റ് പുറത്തിറക്കിയ ഉത്തരവ് പ്രകാരം ലോജിസ്റ്റിക്സ് ആവശ്യങ്ങൾക്കായി വ്യവസായഭൂമി പുനർപാട്ടം ചെയ്യാനാകുമെന്നും വ്യവസായകയർനിയമ മന്ത്രി പി രാജീവ് പറഞ്ഞു. ലോജിസ്റ്റിക്സ് മേഖലയിലെ കരട് നയം അവതരിപ്പിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഒന്നരലക്ഷം കോടി രൂപയുടെ ഉത്പന്നങ്ങൾ സംസ്ഥാനത്തിന് പുറത്ത് നിന്ന് ഇവിടേക്കെത്തുന്നുണ്ട്. ഈ സാധ്യത പൂർണമായും ഉപയോഗപ്പെടുത്തണമെന്നും മന്ത്രി പറഞ്ഞു. മേഖലയിലെ വ്യവസായ പങ്കാളികളെ ഉൾപ്പെടുത്തി ലോജിസ്റ്റിക്സ് കൺസൽറ്റേറ്റീവ് ഫോറം യോഗവും ഇതോടനുബന്ധിച്ച് നടന്നു.കരട് നയപ്രകാരം ലോജിസ്റ്റിക്സ് മേഖലയ്ക്ക് ആവശ്യമായ നൈപുണ്യശേഷി വികസന പദ്ധതികൾ ആവിഷ്കരിക്കും. സ്റ്റോറേജ്, ഗതാഗതം, മറ്റ് സേവനങ്ങൾ എന്നീ മേഖലകളിലാണ് നൈപുണ്യവികസന പദ്ധതികൾ.ലോജിസ്റ്റിക്സ് പാർക്കുകൾ, മിനി ലോജിസ്റ്റിക്സ് പാർക്കുകൾ എന്നിവയ്ക്ക് സ്റ്റാംപ് ഡ്യൂട്ടി ഇളവ് കരട്നയം ശുപാർശ ചെയ്യുന്നുണ്ട്. ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ സംസ്ഥാന ലോജിസ്റ്റിക്സ് കോഓർഡിനേഷൻ സമിതി, വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായി സംസ്ഥാന ലോജിസ്റ്റിക്സ് സെൽ, നഗരങ്ങൾക്കായി പ്രത്യേക സമിതി എന്നിവയും കരട് നയത്തിൽ വിഭാവനം ചെയ്യുന്നു.ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ ലോജിസ്റ്റിക്സിന് കേരളത്തിൽ പ്രത്യേക പ്രാധാന്യമുണ്ടെന്ന് വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ല പറഞ്ഞു.

രാജ്യത്തെ എഫ്എംസിജി ഉത്പന്നങ്ങളിൽ ആറുശതമാനത്തിലധികം കേരളമാണ് ഉപയോഗിക്കുന്നത്. ഈ സാധ്യത ഉപയോഗപ്പെടുത്തി ലോജിസ്റ്റിക്സ് മേഖലയിൽ എങ്ങിനെ തൊഴിലവസരങ്ങൾ കൊണ്ടുവരാമെന്നതാണ് സമഗ്രനയത്തിലൂടെ സർക്കാർ ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.അതിരുകളില്ലാത്ത സാധ്യതകളാണ് ലോജിസ്റ്റിക്സ് മേഖലയിൽ കേരളത്തിനുള്ളതെന്ന് കെഎസ്ഐഡിസി ചെയർമാൻ പോൾ ആൻറണി പറഞ്ഞു. ഈ മേഖലയ്ക്ക് വളരാനാവശ്യമായ എല്ലാ സൗകര്യങ്ങളും സർക്കാർ നൽകും. എന്നാൽ ഇതിലെ വ്യവസായപങ്കാളികൾക്ക് വലിയ പങ്ക് വഹിക്കാനുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ലോജിസ്റ്റിക്സ് മേഖലയിലെ കരട് നയം വ്യവസായവകുപ്പ് ഡയറക്ടറും കെഎസ്ഐഡിസി എംഡിയുമായ എസ് ഹരികിഷോർ യോഗത്തിൽ അവതരിപ്പിച്ചു. മേഖലയിലെ വ്യവസായപങ്കാളികളിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് ജൂൺ മാസത്തോടെ നയം അംഗീകാരത്തിനായി സമർപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. കെ എസ് ഐഡിസി ജനറൽമാനേജർ വർഗീസ് മാലാക്കാരൻ നന്ദി അറിയിച്ചു.

# കേരളവുമായി വാണിജ്യ, സാംസ്കാരിക ബന്ധം ശക്തമാക്കാൻ ഇന്തോനേഷ്യ



**കൊച്ചി:** കേരളവുമായി വാണിജ്യ, സാംസ്കാരിക ബന്ധങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി മുംബൈയിലെ ഇന്തോനേഷ്യൻ കൗൺസൽ ജനറൽ എഡ്ഡി വർദോയു കേരളം സന്ദർശിച്ചു. അസോച്ചം (അസോസിയേറ്റഡ് ചേമ്പേഴ്സ് ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി ഓഫ് ഇന്ത്യ) കേരള ഘടകത്തിന്റെ മാനേജിംഗ് കമ്മിറ്റി പ്രതിനിധികളും കേരളത്തിലെ സംരഭകരുടെ പ്രതിനിധികളും വർദോയെയും സംഘവുമായി കൊച്ചിയിലെ യാഷ് ക്ലബ്ബിൽ കൂടിക്കാഴ്ച നടത്തി.അസോച്ചം കേരള ഘടകത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക, ഇന്തോനേഷ്യയിലെ വ്യാപാര നിക്ഷേപ സാധ്യതകൾ പ്രോത്സാഹിപ്പിക്കുക, കേരളത്തിലെ ബിസിനസ് സാധ്യതകൾ പഠിക്കുക, ഇന്ത്യയും ഇന്തോനേഷ്യയും തമ്മിലുള്ള ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിനുള്ള ഭാവി സഹകരണങ്ങൾ ചർച്ച ചെയ്യുക, 2024ൽ അസോചം കേരള സംഘടിപ്പിക്കുന്ന വിവിധ പരിപാടികൾ എന്നിങ്ങനെയുള്ള വിഷയങ്ങൾ യോഗം ചർച്ച ചെയ്തു.അസോച്ചം കേരളഘടകത്തിന് വേണ്ടി ചെയർമാൻ രാജാ സേതുനാഥ്, സ്റ്റേറ്റ് കോർഡിനേറ്റർ സുശീൽകുമാർ വളപ്പിൽ, എഫ്ഡിഐ കോർഡിനേറ്റർ അവിനാശ് വർമ്മ, മെക്സിക്കൻ ട്രേഡ് കമ്മിഷണർ മണികണ്ഠൻ തുടങ്ങിയവരും ഇന്തോനേഷ്യൻ പ്രതിനിധി സംഘത്തിന് വേണ്ടി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെയും മഹാരാഷ്ട്ര, ഗുജറാത്ത്, ഗോവ, പുതുച്ചേരി, ദാമൻ ആൻഡ് ദിയു തുടങ്ങിയ ഒമ്പത് സംസ്ഥാനങ്ങളുടെ ചുമതലയുള്ള എഡ്ഡി വർദോയുവിനെ കൂടാതെ കോൺസുലർ ആൻഡ് പ്രോട്ടോക്കോൾ കോൺസുൽ ഇൻ ചാർജ്ജ് എൻഡി കെ.ഐ ഗിന്റിംഗ് പ്രോട്ടോക്കോൾ ഓഫീസർ ചാർളി ജോൺ എന്നിവർ യോഗത്തിൽ പങ്കെടുത്തു.




# ശ്രദ്ധേയമായി വിജ്ഞാന സിദ്ധാന്ത, കലാ പ്രദർശനങ്ങൾ

**കൊച്ചി:** ജിപിഎസ് ബ്രൂക്സ് കൊച്ചി വിജ്ഞാന സിദ്ധാന്ത കലാ പ്രദർശനങ്ങൾ സംഘടിപ്പിച്ചു. ജിപിഎസ് ഉപദേശക സമിതി ചെയർപേഴ്സൺ ലക്ഷ്മി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു.ഐബി ഡിപ്ലോമ പ്രോഗ്രാം 1ന്റെ ഭാഗമായി 'അറിവും അറിവുള്ളവരും' എന്ന ആശയത്തിലൂന്നിയായിരുന്നു വിജ്ഞാന സിദ്ധാന്തം പ്രദർശനം. വിജ്ഞാന രൂപീകരണം, മൂല്യനിർണ്ണയം, പ്രയോഗം, വിജ്ഞാന രൂപീകരണത്തിൽ സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക ധാർമിക സ്വാധീനം എന്നിവ സംബന്ധിച്ച വിദ്യാർത്ഥികളുടെ അവബോധം അവതരിപ്പിക്കുന്ന സിദ്ധാന്ത പ്രദർശനം. നിശ്ചിത വിഷയങ്ങളുടെ വിവിധതല പരിപ്രേക്ഷ്യങ്ങളിലൂന്നിയ ഗവേഷണങ്ങളും വ്യക്തിഗത അനുഭവങ്ങളും അടിസ്ഥാനമാക്കി അന്തിമ നിഗമനങ്ങൾ വിവിധ മാധ്യമങ്ങളിലൂടെ വിദ്യാർഥികൾ പ്രകാശിപ്പിച്ചു. മൾട്ടിമീഡിയ എന്നിവയാണ് ആശയവിനിമയത്തിന് ഉപാധികളാക്കിയത്.യുഫോറിയ എന്ന കലാ പ്രദർശനം ഒരുക്കിയത് വിഷ്വൽ ആർട്ട്സ് വിദ്യാർഥികളാണ്. സർഗാത്മകതയും സാങ്കേതിക വൈദഗ്ധ്യവും ആശയാധിഷ്ഠിത ചിന്തയും പ്രേക്ഷകരിലേക്കെത്തിക്കാൻ യുഫോറിയ വിദ്യാർത്ഥികൾക്ക് അവസരമൊരുക്കി. വികാര ഭേദങ്ങൾ, കാലം, ജെൻഡർ എന്നിവയിലൂന്നിയ പുരോഗമനപരമായ ആശയങ്ങൾ വ്യത്യസ്ത മാധ്യമ സങ്കേതങ്ങളും പെയിന്റിംഗുകൾ സെറാമിക് ഇൻസ്റ്റലേഷനുകൾ എന്നിവയും മുഖേന പ്രദർശനത്തിൽ ആവിഷ്കൃതമായി.